DESPATCHED
On..6/6/22...



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1189(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10834/SIC-Gen4/2021**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 2

ശ്രീ. രമേശ് കെ.,
ഗോപാൽ വീട്,
അത്തോളി പി.ഒ.,
കോഴിക്കോട് - 673 315.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   കോഴിക്കോട് സിറ്റി.
2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   കോഴിക്കോട് സിറ്റി.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 9.2.2022 ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 21.6.2021-ന് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 9.8.2021-നാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നത് എന്നതിനാലും, നൽകിയ മറുപടിയിൽ ഓരോ പിരിവുകൾക്കും ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകിയിട്ടില്ലെന്ന് മാത്രമല്ല ടി മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, ഫീ സംബന്ധിച്ച വിവരം എന്നിവ ചേർക്കാതെയാണ് മറുപടി നൽകിയിരുന്നത് എന്നതിനാലും, ഹർജിക്കാരന്റെ അപേക്ഷയിൽ സമയബന്ധിതമായും വിവരാവകാശ നിയമം അനുശാസിക്കുന്ന

വിധത്തിലും മറുപടി നൽകുന്നതിൽ വീഴ്ച വരുത്തി വിവരാവകാശ നിയമം 7(1) വകുപ്പിന് വിരുദ്ധമായി പ്രവർത്തിച്ചതിന് നിലവിലേയും പരാമർശിത കാലയളവിലേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. രവിശങ്കർ പി. കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടിയാൻ കോഴിക്കോട് സിറ്റി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 1.11.2019-ന് ആണ് സീനിയർ സൂപ്രണ്ടായി ചാർജ് എടുത്തത് എന്നും 9.8.2021-ലെ കത്ത് പ്രകാരം 17.8.2021-ന് വൈകുന്നേരം 3 മണിക്ക് ഫയലുകൾ പരിശോധിക്കുവാൻ അപേക്ഷകനായ ശ്രീ. കെ. രമേശന് അറിയിപ്പ് നൽകിയിരുന്നു എന്നും തുടർന്ന് അപേക്ഷകന്റെ 2.8.2021-ലെ അപ്പീൽ അപേക്ഷ ടി ഓഫീസിൽ ലഭിക്കുകയും ആയത് പരിഗണിച്ച് 17.8.2021-ന് വൈകുന്നേരം 3 മണിക്ക് ഫയലുകൾ പരിശോധിക്കുവാൻ അറിയിപ്പ് നൽകിയിരുന്നു എങ്കിലും ടിയാൻ ഹാജരായിരുന്നില്ല എന്നും തുടർന്ന് 8.2.2022-ലെ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ നിർദ്ദേശാനുസരണം ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പ് അന്നേ ദിവസം തന്നെ അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ശ്രീ. രമേശ് കെ.യ്ക്ക് എതിരെ ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട എല്ലാ തടസ്സവാദങ്ങൾക്കും വ്യക്തമായ മറുപടി നൽകിക്കൊണ്ട് അദ്ദേഹത്തിന് ബാധ്യതാരഹിത പത്രം നൽകാൻ കഴിയുമെന്ന ഉത്തമ വിശ്വാസം തനിക്ക് ഉണ്ടായിരുന്നതിനാൽ ടിയാനും ടിയാന്റെ സഹപ്രവർത്തകരും സ്കൂൾ മാനേജരിൽ നിന്നും പ്രധാനാധ്യാപകരിൽ നിന്നും സമന്വയ സംബന്ധിച്ച രേഖകൾ കോവിഡ് കാലത്തും സ്കൂളിൽ നിന്ന് ശ്രമകരമായി സംഘടിപ്പിച്ച് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ നേരിട്ട് ഹാജരാക്കി ബോധ്യപ്പെടുത്തിയതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഹർജിക്കാരന് ബാധ്യതാരഹിത പത്രം ലഭ്യമായതെന്നും കൂടാതെ ടി കാലയളവിലെ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഡിറ്റ് ഫയലിലെ സാമ്പത്തിക തടസ്സ വാദങ്ങൾ നീക്കുന്നതിനായി ഹർജിക്കാരനെ നേരിട്ട് ഫോണിൽ ബന്ധപ്പെട്ടിട്ടുള്ളതാണെന്നും കുറച്ചു കാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധിക ചുമതല ഏറ്റെടുക്കേണ്ടി വന്നതുമൂലമുണ്ടായ ജോലിഭാരവും ടി സമയത്തെ പാൻഡമിക് അവസ്ഥയും ചേർന്ന് ഉടലെടുത്ത പ്രതികൂല സാഹചര്യത്തിൽ വന്നു പോയ വീഴ്ച മന:പൂർവ്വമല്ലെന്നും ഓഫീസിൽ നിന്നും സംഭവിച്ച ടി വീഴ്ച മാപ്പാക്കണമെന്നുമാണ്.

2. പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. രവിശങ്കർ പി. സമർപ്പിച്ച മേൽ വിശദീകരണവും നേരിൽ കേട്ടവേളയിൽ കമ്മീഷൻ മുമ്പാകെ ടിയാൻ ബോധിപ്പിച്ച വസ്തുതകളും പരിശോധിച്ചതിൽ ടി വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരൻ 21.6.2021-ന്

സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തിയും ക്രമപ്രകാരമല്ലാതെയുള്ള മറുപടിയാണ് 9.8.2021–ന് നൽകിയിട്ടുള്ളത് എന്നതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ ശ്രീ. രവിശങ്കറിനെ ശിക്ഷിക്കുവാനും ശിക്ഷയായി 1000/– രൂപ (ആയിരം രൂപാ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. രവിശങ്കർ 1000/– രൂപ (ആയിരം രൂപ മാത്രം) "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 25/06/2022–നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

3. ഒന്നാം എതിർകക്ഷിയായ ശ്രീമതി. ജയശ്രീ എൻ. കമ്മീഷനിൽ ഹാജരാക്കിയ വിശദീകരണവും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ ടിയാൾ 16.10.2021–നാണ് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്ന് കാണുന്നതിനാൽ ടിയാളുടെ വിശദീകരണം കമ്മീഷൻ അംഗീകരിച്ച് ടിയാൾക്കെതിരെ മറ്റ് ശിക്ഷാ നടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ജൂൺ 2–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

bnk/